പ്രകാരം തൃശ്ശൂർ ജില്ലയിലെ ഒല്ലൂക്കര, പുഴക്കര എന്നീ ബ്ലോക്കുകളിലാണ് പുതിയതായി അംഗൻവാടികൾ ആരംഭിക്കേണ്ടത്.

(സി) ഉണ്ട്.

തൃശ്ശൂർ ജില്ലയിലെ ചേർപ്പ് ബ്ലോക്കിൽ 2000-2001 സാമ്പത്തികവർഷം അംഗൻവാടികൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

53 (555) റവന്യൂ കാർഡ് വിതരണം

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റവന്യൂ കാർഡ് നൽകുന്നതിന്റെ നടപടി എവിടംവരെയായി എന്ന് വെളിപ്പെടുത്തുമോ;

(ബി) എന്നുമുതലാണ് പ്രസ്തുതകാർഡ് നൽകുവാനുദ്ദേശിക്കുന്നത്;

(സി) എന്തെല്ലാം വിവരങ്ങളാണ് ഇതിൽ ഉൾക്കൊള്ളിക്കുന്നത് വിശദമാക്കുമോ;

(ഡി) ഒരു കാർഡിന്റെ കാലാവധി എത്ര വർഷമാണ്;

(ഇ) റവന്യൂ കാർഡിലെ വിവരങ്ങളിൽ എന്തെങ്കിലും മാറ്റം വരുത്തണമെങ്കിൽ എന്താണ് ചെയ്യേണ്ടതെന്നും ആരെയാണ് സമീപിക്കേണ്ടതെന്നും വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 1999-ലെ കേരള റവന്യൂ കാർഡ് ആക്ട് നിലവിൽവന്നു. ചട്ടങ്ങൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) ഈ വർഷം തന്നെ റവന്യൂകാർഡ് വിതരണം ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്.

(സി) കുടുംബനാഥന്റെ പേര്, അംഗങ്ങളുടെ എണ്ണം, പരസ്പരബന്ധം, ജാതി, മതം, തൊഴിൽ, വരുമാനം, അംഗങ്ങളെക്കുറിച്ചുള്ള മറ്റു വിവരങ്ങൾ, ഓരോരുത്തരുടേയും കൈവശമുള്ള വസ്തു, കെട്ടിടം, എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ സർക്കാരിൽ നിന്നും ലഭിക്കുന്ന സഹായങ്ങൾ, സാദ്ധ്യതകൾ തുടങ്ങി കുടുംബത്തെ സംബന്ധിക്കുന്ന മറ്റു വിവരങ്ങൾ എന്നിവയാണ് ഉൾക്കൊള്ളിക്കുന്നത്.

(ഡി) ചട്ടങ്ങൾ നിർമ്മിക്കുമ്പോൾ തീരുമാനിക്കുന്നതാണ്.

(ഇ) ചട്ടപ്രകാരമുള്ള അപേക്ഷയിൽ തഹസീൽദാർക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്.

54 (556) റവന്യൂ ബോർഡ് നിർത്തലാക്കൽ

ശ്രീ. സി.കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂബോർഡ് നിർത്തലാക്കിയതിനെ തുടർന്ന് പകരം സംവിധാനങ്ങൾ എല്ലാം പൂർത്തിയായിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly